കേരള കാർഷിക സർവ്വകലാശാല
(നടപടികൾ)

കെ.എ.യു. – നിയമനം – ക്ലാസ് IV തസ്തികയിലേയ്ക്ക് 10.4.1992 ലെ ജിഎ./കെ2/6586/92 (കാറ്റഗറി 5) -ാം നമ്പർ വിജ്ഞാപനം റദ്ദാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

---

പൊതു ഭരണ വിഭാഗം

നം: ജിഎ./കെ2/30830/92 വെള്ളാനിക്കര, തീയ്യതി 22.10.2009.

---

സൂചന:- 1. 10.4.1992 ലെ ജിഎ./കെ2/6586/92 (കാറ്റഗറി 5) -ാം നമ്പർ വിജ്ഞാപനം
2. 30.1.2009 നും 6.5.2009 നും സർവ്വകലാശാല സീനിയർ ലീഗൽ കൗൺസലിൽനിന്നും ലഭിച്ച നിയമോപദേശം.
3. 24.8.2009 ലെ 459-ാമതു ഭരണ സമിതി യോഗ തീരുമാനം.

<u>ഉത്തരവ്</u>

കേരള കാർഷിക സർവ്വകലാശാലയിലെ ക്ലാസ് IV തസ്തികയിലേയ്ക്കുള്ള (ശമ്പള സ്കെയിൽ 750-1250 രൂപ) തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള 10.4.1992 ലെ ജിഎ./കെ2/6586/92 (കാറ്റഗറി 5) -ാം നമ്പർ ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിൽ :

1. മലയാളത്തിലോ, തമിഴിലോ കന്നഡയിലോ എഴുതുവാനും വായിക്കുവാനുമുള്ള അറിവും
2. നല്ല ആരോഗ്യവും ഉണ്ടായിരിക്കണം എന്നിവ യോഗ്യതകളായി നിഷ്കർഷിച്ചിരുന്നു.

പ്രസ്തുത വിജ്ഞാപന പ്രകാരം അപേക്ഷ സ്വീകരിക്കുന്ന അവസാന ദിവസമായ 8.6.1992 ന് 33729 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 10/- രൂപയാണ് അപേക്ഷാ ഫീസായി നിശ്ചയിച്ചിരുന്നത്.

ക്ലാസ് IV തസ്തികയിലേയ്ക്കുള്ള അംഗീകൃത സ്റ്റാറ്റ്യൂട്ട് നിലവിലില്ലാതിരുന്ന സാഹചര്യത്തിലും, കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിക്കുവാൻ സർക്കാർ നിയോഗിച്ച ജസ്റ്റീസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷൻ സർവ്വകലാശാലയിൽ നിയമനം നടത്തുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ വേണമെന്ന് ശുപാർശ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നിയമന നടപടികൾ മുന്നോട്ടു കൊണ്ടുപോകാനായില്ല. 10.4.1992 – ലെ വിജ്ഞാപന പ്രകാരം അപേക്ഷ നൽകിയ ഒരു ഉദ്യോഗാർത്ഥി ഫയൽ ചെയ്ത കേസിൽ ക്ലാസ് IV തസ്തികയ്ക്ക് സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കുവാനും, നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനും ബഹു: ഹൈക്കോടതി സർവകലാശാലയ്ക്ക് നിർദ്ദേശം നൽകി.

1. നേരിട്ടുള്ള നിയമനത്തിനും (50% ഒഴിവുകൾ നേരിട്ടുള്ള നിയമനം)
2. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും (50% ഒഴിവുകൾ സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽനിന്നും (90%), പ്ലാന്റേഷൻ വർക്കേഴ്സിൽനിന്നും 10%).

5- ാം ക്ലാസ് പാസായിരിക്കണം; നല്ല ആരോഗ്യമുണ്ടായിരിക്കണം
അഭികാമ്യം: സൈക്കിൾ സവാരി അറിഞ്ഞിരിക്കണം (വനിതകൾക്ക് നിർബ്ബന്ധമില്ല).

എന്നിവയാണ് 14.6.2008 - ൽ ബഹു. ചാൻസിലറുടെ അംഗീകാരം ലഭിച്ച സ്റ്റാറ്റ്യൂട്ടിൽ യോഗ്യതകളായി നിഷ്ക്കർഷിച്ചിട്ടുള്ളത്.

പ്രസ്തുത സാഹചര്യത്തിൽ 10.4.1992 - ലെ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളനുസരിച്ചാണോ അഥവാ 14.6.2008 - ൽ അംഗീകാരം ലഭിച്ച സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള യോഗ്യതകൾ അനുസരിച്ചാണോ നിയമനം നടത്തേണ്ടത് എന്നുള്ള കാര്യത്തിൽ നിയമോപദേശം ആരായുക യുണ്ടായി. ക്ലാസ് IV നിയമനത്തിന് സ്റ്റാറ്റ്യൂട്ട് നിലവിലില്ലാത്ത സാഹചര്യത്തിലാണ് 10.4.1992 ലെ വിജ്ഞാപനം എന്നതുകൊണ്ടു തന്നെ സ്വീകരിച്ച അപേക്ഷകൾ പരിഗണിക്കേണ്ടതായ ആവശ്യകത ഇല്ലായെന്നും, 14.6.2008-ൽ അംഗീകാരം ലഭിച്ച സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല പുതിയ വിജ്ഞാപനം നടത്തി അപേക്ഷകൾ സ്വീകരിക്കാമെന്നും, മേൽ സാഹചര്യത്തിൽ 10.4.1992 - ലെ വിജ്ഞാപനം റദ്ദാക്കണമെന്നുമാണ് .ലഭിച്ച നിയമോപദേശം.

മേൽ സാഹചര്യത്തിൽ 10.4.1992 ലെ വിജ്ഞാപനം റദ്ദു ചെയ്തശേഷം പുതിയ വിജ്ഞാപനം ഇറക്കുവാൻ 24.8.2009 ലെ 459 - ാമതു ഭണ സമിതി യോഗം തീരുമാനിച്ചു.

ആയതിൻ പ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ ക്ലാസ് IV തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുവേണ്ടി 10.4.1992 ലെ ജിഎ./കെ2/6586/92 (കാറ്റഗറി 5) -ാം നമ്പർ ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം ഇതിനാൽ റദ്ദു ചെയ്തിരിക്കുന്നു.

14.6.2008 ന് നിലവിൽ വന്ന സ്റ്റാറ്റ്യൂട്ടിൽ നിഷ്കർച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ ക്ലാസ് IV തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ കാർഷിക സർവ്വകലാശാലയുടെ www.kau.edu എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. പത്ര മാദ്ധ്യമങ്ങൾ വഴിയും റദ്ദാക്കൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്
**രജിസ്ട്രാർ**

എസ്.22.10*r